**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 953** **26-07-2021 - ൽ മറുപടിയ്ക്ക്**

**എരുമേലി തെക്ക് വില്ലേജ് വിഭജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കോട്ടയം ജില്ലയിലെ തന്നെ ജനസംഖ്യ കൊണ്ടും വിസ്തൃതി കൊണ്ടും വലിയ വില്ലേജായ പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന എരുമേലി തെക്കു വില്ലേജിനെ വിഭജിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | വളരെയധികം വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന പ്രസ്തുത വില്ലേജിൽ ഫീൽഡ് പരിശോധനയ്ക്കും അന്വേഷണങ്ങൾക്കും വളക്കാൻ രെയധികം സമയം ആവശ്യമായി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ജീവനക്കാരുടെ അധിക ജോലിഭാരവും വില്ലേജിന്റെ വിസ്തൃതിയും കണക്കിലെടുത്ത് വില്ലേജിനെ എരുമേലി, മുക്കൂട്ടുതറ എന്നിങ്ങനെ രണ്ട് വില്ലേജുകളായി വിഭജിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തിര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികളിൽ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ പരിശോധിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ